# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2214

### 2015 മാർച്ച് 18-ാം തീയതി മറുപടി നല്കേണ്ടത്

### കരാറുകാർക്ക് ലഭിക്കാനുള്ള കുടിശ്ശിക

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് ടെണ്ടർ ചെയ്ത പല പ്രവർത്തികളും ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാത്തത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കരാറുകാർക്ക് ലഭിക്കാനുള്ള ഭീമമായ കുടിശ്ശികയാണോ ഇതിന് കാരണമെന്ന് വ്യക്തമാക്കാമോ; | കരാറുകാർക്ക് ലഭിക്കാനുള്ള കുടിശ്ശിക ഇതിനൊരു കാരണമാണ്. |
| സി) കുടിശ്ശിക എന്നത്തേക്ക് കൊടുത്ത് തീർക്കുമെന്ന് വിശദമാക്കാമോ? | സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1704/2015/ധന. തീയതി 02.03.2015 പ്രകാരം 2014 ജനുവരി മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രഡിറ്റ് 2015 മെയ് മാസത്തിലും, 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രഡിറ്റ് 2015 ജൂൺ മാസത്തിലും, 2014 മാർച്ചു മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് |

| | |
|---|---|
| | ക്രഡിറ്റ് 2015 ജൂലൈ മാസത്തിലും, 2014 എപ്രിൽ മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രഡിറ്റ് 2015 ഓഗസ്റ്റ് മാസത്തിലും നൽകുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഈ കാലയളവിലെ മൊത്തം ബിൽ തുക 960.03 കോടി രൂപയാണ്. ഈ തുക മാറുന്നതിന് കരാറുകാർ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗപ്പെ-ടുത്തിവരുന്നു.തുടർന്നുളള മാസങ്ങളിലെ ബില്ലുകൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഘട്ടംഘട്ടമായി കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ